# കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

## ഏഴാംതരം തുല്യതാപരീക്ഷ (17–ാം ബാച്ച്) 2024

**ചോദ്യപേപ്പർ**

# അടിസ്ഥാനശാസ്ത്രം

**സമയം: 2 മണിക്കൂർ** **ആകെ മാർക്ക്: 100**

---

**പൊതുനിർദേശങ്ങൾ**

1. ആദ്യത്തെ 10 മിനിറ്റ് എല്ലാ ചോദ്യങ്ങളും നന്നായി വായിച്ച് മനസ്സിലാക്കുക.
2. ചോദ്യനിർദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോറും സമയവും പരിഗണിക്കണം.
4. ചോദ്യനമ്പർ തെറ്റാതെ ഉത്തരമെഴുതുക.

---

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു മാർക്കുവീതം.** 10×1 = 10

**ബ്രായ്ക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. നാരങ്ങയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ആണ് ————
   (ലാക്ട്രിക് ആസിഡ്, ഫോർമിക് ആസിഡ്, സിട്രിക് ആസിഡ്)
2. താഴെ തന്നിരിക്കുന്നവയിൽ കുചാലകം ഏത്?
   (പേപ്പർ, അലുമിനിയം, ഇരുമ്പ്)
3. താഴെ തന്നിരിക്കുന്നവയിൽ രാസമാറ്റം ഏത്?
   (ഐസ് ഉരുകുന്നു, പാൽ തൈരാവുന്നു, തടിക്കഷണം ചെറിയ കഷണങ്ങളാക്കുന്നു)
4. താഴെ തന്നിരിക്കുന്നവയിൽ ജീവിതശൈലീരോഗത്തിൽ പെടാത്തത് ഏത്?
   (മഞ്ഞപ്പിത്തം, പ്രമേഹം, രക്തസമ്മർദ്ദം)
5. ഉത്പതനസ്വഭാവം കാണിക്കുന്ന പദാർത്ഥമാണ് ————
   (മണൽ, ഉപ്പ്, കർപ്പൂരം)
6. ശാസ്ത്രീയരീതിയിൽ മുയൽ വളർത്തുന്നതിനെ ———— എന്നു പറയുന്നു.
   (പിസികൾച്ചർ, ക്യൂണികൾച്ചർ, വെർമികൾച്ചർ)
7. നൈട്രിക് ആസിഡിന്റെ രാസസൂത്രം?
   ($H_2SO_4$, $HNO_3$, $HCl$)
8. ഭാരത്തിന്റെ അടിസ്ഥാന യൂണിറ്റ്
   (ക്വിന്റൽ, ഗ്രാം, കിലോഗ്രാം)
9. ആൽക്കലിയുടെ $P^H$ മൂല്യം ————
   (7, 7ൽ കുറവ്, 7ൽ കൂടുതൽ)
10. സങ്കരയിനം പശുവിന് ഉദാഹരണമാണ് ————
    (സുനന്ദിനി, വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ)

**ഒന്നാമത്തെ പദജോഡിയിലെ ബന്ധം കണ്ടെത്തി രണ്ടാമത്തെ പദജോഡി പൂരിപ്പിക്കുക.** 4×2 = 8

11. മെഴുക് ഉരുകുന്നത് : ഭൗതികമാറ്റം
    വിറക് കത്തുന്നത് : ————
12. ഹൈഡ്രജൻ : മൂലകം
    പഞ്ചസാര : ————

13. 1000 ഗ്രാം : 1 കിലോഗ്രാം

1000 മില്ലിഗ്രാം : ———— ഗ്രാം

14. മണ്ണില്ലാതെ നടത്തുന്ന കൃഷിരീതി : ഹൈഡ്രോപോണിക്സ്

വേരുകൾ വായുവിലേക്ക് വളരുന്ന

രീതിയിൽ സസ്യങ്ങളെ വളർത്തുന്നത് : ————

**വിട്ടുപോയ ഭാഗം പൂരിപ്പിക്കുക** 6×2 = 12

15. മോട്ടോർ : വൈദ്യുതോർജം യാന്ത്രികോർജം ആകുന്നു.

ബൾബ് : ———— ഊർജം ———— ഊർജം ആകുന്നു.

ഇലക്ട്രിക് ഓവൻ : ———— ഊർജം ———— ഊർജം ആകുന്നു.

ഫാൻ : ———— ഊർജം ———— ഊർജം ആകുന്നു.

**രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക** 10×4 = 40

16. ആസിഡുകളുടെ പൊതുസ്വഭാവങ്ങൾ എന്തൊക്കെയാണ്?
17. പ്രിസിഷൻ ഫാമിങ് എന്നാൽ എന്ത്?
18. ആരോഗ്യത്തെ ബതെന്തക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്?
19. ആറ്റം, തന്മാത്ര ഇവ എന്തെന്ന് വ്യക്തമാക്കുക?
20. പോഷകവൈകല്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
21. പ്രകാശസംശ്ലേഷണം എന്നാൽ എന്ത്?
22. മിശ്രണതത്ത്വം എന്തെന്ന് വ്യക്തമാക്കുക?
23. ഗ്രീൻ വാട്ടർ, ഗ്രേ വാട്ടർ, ബ്ലാക്ക് വാട്ടർ ഇവ എന്തെന്ന് വിശദീകരിക്കുക?
24. ഭക്ഷ്യവിഷബാധ ഉണ്ടാകുന്നതെങ്ങനെ?
25. ഒ.ആർ.എസ് ലായനി തയ്യാറാക്കുന്നതെങ്ങനെ?

**ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക** 5×4 = 20

26. സൗരയൂഥത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക?
27. പകർച്ചവ്യാധികളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?
28. സുസ്ഥിരവികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
29. നിർവീരീകരണ പ്രവർത്തനം എന്തെന്ന് വ്യക്തമാക്കുക?
30. അവസ്ഥാപരിവർത്തനം ഉദാഹരണസഹിതം വ്യക്തമാക്കുക?
31. ജലസംരക്ഷണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ എന്തെല്ലാം?
32. വെളുത്തവാവും കറുത്തവാവും ഉണ്ടാകുന്നതെന്തുകൊണ്ട്?

**ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക** 2×5 = 10

33. വിവിധ കായിക പ്രജനനരീതികൾ വിശദമാക്കുക.
34. മണ്ണ് സംരക്ഷണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? മണ്ണ് സംരക്ഷണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ വിശദീകരിക്കുക.
35. വിവിധ ഊർജ്ജരൂപങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.